ഹദീസ്

നൗഷാദ് ചേനപ്പാടി

# യഥാർഥ ദീൻ പുൽകുമ്പോഴേ നിന്ദ്യത നീങ്ങുകയുള്ളൂ

عَنْ ابْنِ عُمَرَ رَضِيَ اللَّهُ عَنْهُما قَالَ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : (إِذَا تَبَايَعْتُمْ بِالْعِينَةِ ، وَأَخَذْتُمْ أَذْنَابَ الْبَقَرِ ، وَرَضِيتُمْ بِالزَّرْعِ ، وَتَرَكْتُمْ الْجِهَادَ ، سَلَّطَ اللَّهُ عَلَيْكُمْ ذُلًّا لَا يَنْزِعُهُ حَتَّى تَرْجِعُوا إِلَى دِينِكُمْ) .

(رواه أبو داود ٣٤٦٢ و مسند أحمد ٤٩٨٧. صحّحه الشّيخ الألباني)

**ഇബ്നു ഉമറി(റ)ൽനിന്ന്: അല്ലാഹുവിന്റെ ദൂതൻ പറയുന്നത് ഞാൻ കേട്ടു: ‘നിങ്ങൾ പരസ്പരമുള്ള കച്ചവട ഇടപാടുകളിൽ മാത്രം ശ്രദ്ധിക്കുകയും കാലി വളർത്തലിൽ കടിച്ചുതൂങ്ങുകയും കൃഷി കാര്യങ്ങളിൽ മാത്രം സംതൃപ്തിയടയുകയും ചെയ്തുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ് ഉപേക്ഷിച്ചാൽ നിസ്സംശയം അല്ലാഹു നിങ്ങളുടെ മേൽ നിന്ദ്യത അടിച്ചേൽപിക്കും. നിങ്ങൾ നിങ്ങളുടെ ദീനിലേക്ക് മടങ്ങിവരുവോളം ആ നിന്ദ്യതയെ നിങ്ങളിൽനിന്ന് അവൻ മാറ്റിക്കളയുകയേയില്ല’ (അബൂദാവൂദ്, അഹ്മദ്. ശൈഖ് അൽബാനി ഈ ഹദീസ് സ്വഹീഹ് ആണെന്ന് സാക്ഷ്യപ്പെടുത്തുന്നു).**

‘ഈനത്ത്’ (عينة) എന്നാൽ പലിശയെ വളഞ്ഞ വഴിയിലൂടെ ‘ഹലാലാക്കാൻ’ നടത്തുന്ന ഒരു കച്ചവടമാണ്. അതൊരു കുതന്ത്രവുമാണ്. കച്ചവട കാര്യങ്ങളിൽ മാത്രം മുഴുകുക എന്നാണിവിടെ ഉദ്ദേശ്യം. മനുഷ്യ ജീവിതത്തെ നിലനിർത്തുന്ന മൂന്നു കാര്യങ്ങളാണ് കച്ചവടവും കാലിവളർത്തലും കൃഷിയും. ഇവ മൂന്നും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നവയുമാണ്. ഇതില്ലാതെ ജീവിതം അസാധ്യവുമാണ്. അല്ലാഹുവിന്റെ കൽപനക്കനുസൃതമായി ഭൂമിയെ പരിപാലിക്കൽ-ഇസ്തിഅ്മാർ- ഇബാദത്താണെന്ന് അല്ലാഹു പറയുന്നുണ്ട് (ഹൂദ് 61). എങ്കിൽ മാത്രമേ മനുഷ്യ ജീവിതത്തിന്റെ നിലനിൽപും വളർച്ചയും പുരോഗതിയും സാധ്യമാവുകയുള്ളൂ. കൃഷി പുണ്യകർമമാണെന്ന് പഠിപ്പിക്കുന്ന ഹദീസുകളുണ്ട്. അതിൽനിന്ന് പക്ഷികൾ ഭക്ഷിക്കുന്നതു പോലും അവന് സ്വദഖയായി മാറുമെന്നും ഹദീസിൽ കാണാം. ഈ മൂന്നു കാര്യങ്ങളും ജീവിതത്തിന്റെ അനിവാര്യ ഉപാധിയായതോടൊപ്പം അവയിൽ മാത്രം ജീവിതത്തെ തളച്ചിട്ടുകൊണ്ട് അല്ലാഹുവിന്റെ ദീനിനു വേണ്ടിയുള്ള പരിശ്രമത്തെ അവഗണിച്ചു ജീവിക്കുന്ന മുസ്‌ലിം സമൂഹത്തിന്റെ മേൽ അല്ലാഹു നിന്ദ്യത അടിച്ചേൽപിക്കും എന്നാണീ ഹദീസിൽ പറയുന്നത്. ‘സല്ലത്വ’ എന്നാണ് ഹദീസിലെ പദപ്രയോഗം. കാരണം മുസ്‌ലിം ഉമ്മത്തിനെ അല്ലാഹു ഈ ലോകത്ത് നിലനിർത്തിയിട്ടുള്ളത് അവർ മറ്റുള്ളവരെപ്പോലെ സ്വന്തം കാര്യം മാത്രം നോക്കി സുഖിച്ചു കഴിയാനല്ല; ജനങ്ങൾക്കു വേണ്ടി, അഥവാ അവരെ അല്ലാഹുവിലേക്ക് ആനയിക്കാൻ വേണ്ടിയാണെന്ന് ഖുർആൻ ഒരു വ്യാഖ്യാനത്തിന്റെയും ആവശ്യമില്ലാതെ വ്യക്തമായി പറഞ്ഞിരിക്കുന്നു. അല്ലാഹു ഏൽപിച്ച അത്യന്തം ഗൗരവമേറിയ ഈ ഉത്തരവാദിത്തത്തെപ്പറ്റി ശ്രദ്ധിക്കുക പോലും ചെയ്യാതെ അവർ ദുൻയാ കാര്യങ്ങളിൽ കൂപ്പുകുത്തിയാൽ അവൻ എല്ലാ അർഥത്തിലും അവരെ ശിക്ഷിക്കും. അതിലേറ്റവും മോശമായ ശിക്ഷ ശരിയറിയാതെ വഴിതെറ്റിയ ജനസമൂഹത്തിനു മുമ്പിൽ നിന്ദ്യതയും അപമാനവും പേറി ജീവിക്കേണ്ടിവരിക എന്നതാണ്.

ഖുർആനിൽ എൺപത്തൊമ്പതു തവണ ‘യാ അയ്യുഹല്ലദീന ആമനൂ’ എന്ന് വിളിച്ചുകൊണ്ട് സത്യവിശ്വാസികൾ നിർബന്ധമായും നിർവഹിക്കേണ്ട കാര്യങ്ങളെപ്പറ്റി അല്ലാഹു പറഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും കൂടുതൽ തവണ- പതിമൂന്നു പ്രാവശ്യം- പറഞ്ഞിട്ടുള്ളത് ജിഹാദിനെപ്പറ്റിയാണെന്നോർക്കുക. ‘സാദത്ത്ഹും ഈമാനൻ’ (സത്യവിശ്വാസികൾക്ക് സവിശേഷമായി ഈമാൻ വർധിക്കും) എന്ന് ഖുർആൻ പറഞ്ഞിട്ടുള്ളതും ജിഹാദിനെപ്പറ്റി പറയുന്നേടത്താണ്. അല്ലാഹുവിന്റെ ദീനിനെ ഈ ദുൻയാവിൽ എല്ലാ അർഥത്തിലും ഏറ്റവും ഉന്നതിയിലെത്തിക്കലാണ് അവന്റെ മാർഗത്തിലുള്ള ജിഹാദ്. അന്ത്യറസൂലിനെ സത്യദീനുമായി ഈ ലോകത്തേക്കയച്ചത് ഈ ഒരു ഉദ്ദേശ്യത്തിനായിരുന്നു എന്ന് ഖുർആൻ മൂന്നു തവണ എടുത്തു പറയുന്നുണ്ട്. മുസ്‌ലിം ഉമ്മത്തിനുമേൽ വന്നുഭവിച്ച നിന്ദ്യതയും അപമാനവും എന്ന ഈ ശിക്ഷ മാറിപ്പോകണമെങ്കിൽ അല്ലാഹുവിന്റെ ദീനിനെപ്പറ്റിയുള്ള ചിന്തയിൽ അവർ ജീവിക്കണം. അതിന്റെ ഔന്നത്യത്തിനു വേണ്ടി ശരീരവും സമ്പത്തുമുപയോഗിച്ച് പരിശ്രമിക്കണം. ഹിദായത്ത് കിട്ടാതെ ജീവിക്കുന്ന തന്റെ സഹജീവികൾക്ക് അതെത്തിച്ചുകൊടുക്കണമെന്ന മനോഭാവമെങ്കിലും ഉണ്ടാവണം. ‘ഈ നിന്ദ്യത നിങ്ങളിൽനിന്ന് അല്ലാഹു നീക്കുകയില്ല, നിങ്ങൾ നിങ്ങളുടെ ദീനിലേക്ക് മടങ്ങിവരുന്നതുവരെ’ എന്ന ഹദീസിലെ പരാമർശം സവിശേഷ ശ്രദ്ധയും പഠനവും അർഹിക്കുന്നതാണ്. ഇവിടെ മുസ്‌ലിം സമൂഹം പരമ്പരാഗതമായി കൊണ്ടുനടക്കുന്ന അവരുടെ ദീനീ സങ്കൽപത്തെക്കൂടിയാണ് ഈ ഹദീസ് ചോദ്യം ചെയ്യുന്നത്. മറ്റു മതങ്ങളെപ്പോലെ തനിക്കോ സമൂഹത്തിനോ ഒരു പ്രയോജനവുമില്ലാത്ത കുറേ ആരാധനകളും ആചാരങ്ങളും അന്ധമായി അനുഷ്ഠിക്കുന്നതാണ് ‘മതം’ എന്ന കാഴ്ചപ്പാട് അല്ലാഹുവിന്റെ യഥാർഥ ദീനിനില്ല. ഈ ദീൻ ആരുടെയെങ്കിലും അഭിപ്രായമോ ഏതെങ്കിലും വിധത്തിലുള്ള പൂജയോ അല്ല. ഈ ദീൻ അല്ലാഹുവിന്റെ അവകാശങ്ങളെ നിരന്തരം നിറവേറ്റുന്നതോടൊപ്പം അവന്റെ സൃഷ്ടികളുടെ അവകാശങ്ങളെയും ആവശ്യങ്ങളെയും കൂടി നിർബന്ധമായും നിറവേറ്റിക്കൊടുക്കാൻ മനുഷ്യനെ നിർബന്ധിക്കുന്ന ആദർശ-ധാർമിക-നിയമ സംഹിതയാണ്. അതാണ് ഈ ദീനിന്റെ സവിശേഷതയും. അങ്ങനെ സൃഷ്ടികൾക്ക് അല്ലാഹുവിന്റെ ഹിദായത്ത് എത്തിച്ചുകൊടുക്കലും അതിന് തടസ്സം നിൽക്കുന്ന എല്ലാ അധർമത്തിന്റെയും ദുഷ്ടശക്തികളോട് പോരാടലും ഈ ദീനിന്റെ അന്തസ്സത്തയും അതിന്റെ അനിവാര്യ ഭാഗവുമാണ്. അപ്പോൾ ഈ ദീനിന്റെ ജീവനായ, ആത്മാവായ ജിഹാദിനെ മാറ്റിനിർത്തിയുള്ള ദീനേയില്ല. ജിഹാദീ ചൈതന്യമുള്ള ഈ ദീനിലേക്ക് നിങ്ങൾ മടങ്ങണം എന്നാണ് ഹദീസിൽ പറയുന്നത്. അങ്ങനെ വരാത്ത കാലത്തോളം നിങ്ങളുടെ മേലുള്ള ഈ നിന്ദ്യത ഒരിക്കലും അല്ലാഹു മാറ്റുകയില്ലെന്നും. ●